പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി XII

# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും

## (HEALTH AND FAMILY WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**നാലാമത് റിപ്പോർട്ട്**

**(2014-2015)**

**FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2014-2015)**

2014 ജൂൺ 9-ാം തീയതി സമർപ്പിച്ചത്

(Presented on 9th June 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി XII
# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ട്
(2014-2015)

FOURTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2014-2015)

505/2014.

**ഉള്ളടക്കം**

പേജ്


| | |
|---|---|
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |

(ആരോഗ്യവും കുടുംബക്ഷേമവും)

(2013-2016)

**ഘടന**

ചെയർമാൻ:

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. എെ. സി. ബാലകൃഷ്ണൻ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. കെ. ദാസൻ

ശ്രീ. എ. റ്റി. ജോർജ്

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ശ്രീ. റോഷി അഗസ്റ്റിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

# അവതാരിക

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XII-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സമിതി 18-2-2014, 5-3-2014 എന്നീ തീയതികളിൽ യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XVIII — വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും
ധനാഭ്യർത്ഥന നമ്പർ XIX— കുടുംബക്ഷേമം
ധനാഭ്യർത്ഥന നമ്പർ XX— ശുദ്ധജല വിതരണവും ശുചീകരണവും
ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം (2236 പോഷകാഹാരം)

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2014 മാർച്ച് മാസം 10-ാം തീയതി കൂടിയ യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. എസ്. ശിവകുമാർ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XII.*

തിരുവനന്തപുരം,
2014 മാർച്ച് 10.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത് : 3984,80,09,000 രൂപ

ചാർജ് ചെയ്തത് : 33,16,000 രൂപ

## ആരോഗ്യവകുപ്പ്

2210-01-110-40— ജില്ലാ മാനസികാരോഗ്യപരിപാടി

ബഡ്ജറ്റ് വിഹിതം : 75 ലക്ഷം രൂപ (പ്ലാൻ)

1. തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ മാനസികാരോഗ്യ ചികിത്സ മെച്ചപ്പെട്ടരീതിയിൽ നടത്തുന്നതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ക്ലിനിക്കുകൾ നടത്തുക, മരുന്നുകൾ, സ്റ്റേഷനറി എന്നിവ വാങ്ങുക, ആനുവൽ മെയിന്റനൻസ് കോൺട്രാക്ട്, ഉപകരണങ്ങളുടെ മെയിന്റനൻസ് തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-01-110-56- മാനസികാരോഗ്യ നിയമപ്രകാരം സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : ഇല്ല

2. സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ആവശ്യമായ ഓഫീസ് സ്റ്റേഷനറി, സൈക്യാട്രി ഇൻസ്പെക്ടർമാരുടെ TA/DA, മറ്റ് അനുബന്ധചെലവുകൾ എന്നിവയ്ക്കായി ഈ സാമ്പത്തികവർഷം പദ്ധതിയിനത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-06-101-34-സാംക്രമിക രോഗങ്ങളുടെ നിരീക്ഷണവും നിയന്ത്രണവും

ബഡ്ജറ്റ് വിഹിതം : 438 ലക്ഷം രൂപ (പ്ലാൻ)

। 3. പകർച്ചവ്യാധികൾ തടയുന്നതിനുള്ള മരുന്നുകൾ, ടെസ്റ്റ് കിറ്റുകൾ, ലബോറട്ടറി ഇനങ്ങൾ, ഉപകരണങ്ങൾ, ഫർണിച്ചർ മുതലായവ വാങ്ങുന്നതിനും അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള സ്ക്രീനിംഗ്, പകർച്ചവ്യാധി, പുതിയ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പ്രത്യേക പരിപാടി, നഗരപ്രദേശങ്ങളിലെ പ്രത്യേക പരിപാടികൾ, കൊതുക നിവാരണ പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-06-107-92—നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള സൂക്ഷ്മ രോഗനിർണ്ണയ പദ്ധതി

ബഡ്ജറ്റ് വിഹിതം : 110 ലക്ഷം രൂപ (പ്ലാൻ)

4. നവജാതശിശുക്കളുടെ ജന്മനാലുള്ള തകരാറുകളായ കൺജനിറ്റൽ ഹൈപ്പോതൈറോയിഡിസം, കൺജനിറ്റൽ അഡ്രീനൽ ഹൈപ്പർപ്ലാസിയ, ജി-6 പി.ഡി. ഡഫിഷ്യൻസി, ഫിനൽ കൊറ്റോനൂറിയ എന്നീ രോഗങ്ങൾ കണ്ടുപിടിക്കുന്നതിന് സഹായിക്കുന്ന ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-01-001-92—ഭരണഭാഷ മലയാളമാക്കുന്നതിനുവേണ്ടി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് പ്രത്യേക പരിപാടികൾ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

5. ഭരണഭാഷ മലയാളമാക്കുന്നതിന് വിവിധ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 99,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-01-192-50—മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 200.1 ലക്ഷം രൂപ (നോൺ പ്ലാൻ)

6. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള താലൂക്കാശുപത്രികൾ മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുള്ളതിനാൽ അവയുടെ കണ്ടിജന്റ് ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും ആയതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2210-01-196-50— ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 74 ലക്ഷം രൂപ (നോൺ പ്ലാൻ)

7. ജില്ലാ ആശുപത്രികൾ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ഭക്ഷണവിതരണം, മരുന്നുവിതരണം, മറ്റ് കണ്ടിജന്റ് ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-105-74—ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നേഴ്സുമാരുടെയും പരിശീലനം

ബഡ്ജറ്റ് വിഹിതം : 60.79 ലക്ഷം രൂപ (നോൺ പ്ലാൻ)

8. പത്ത് നേഴ്സിംഗ് സ്കൂളുകളുടെ ചെലവുകൾക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെ സൂചിപ്പിച്ചിട്ടുള്ള ഉപശീർഷകങ്ങളുടെ നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-105-74-02— വേതനം—10 ലക്ഷം രൂപ

2210-05-105-74-05-2—വൈദ്യുതചെലവ്—4 ലക്ഷം രൂപ

2210-05-105-74-05-3—ടെലഫോൺ ചെലവ്—50,000 രൂപ

2210-05-105-74-05-4—മറ്റിനങ്ങൾ—1.5 ലക്ഷം രൂപ

2210-05-105-74-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റും—23 ലക്ഷം രൂപ

2210-05-105-74-28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കും ചെലവുകൾ—50,000 രൂപ

2210-05-105-74-34—മറ്റിനങ്ങൾ—1 ലക്ഷം രൂപ

2210-05-105-74-45—പി.ഒ.എൽ.—2 ലക്ഷം രൂപ

2210-06-003-94—<u>ശാസ്താംകോട്ടയിൽ പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു നേഴ്സിംഗ് സ്കൂൾ</u>

ബഡ്ജറ്റ് വിഹിതം : 67.31 ലക്ഷം രൂപ (നോൺ പ്ലാൻ)

9. നേഴ്സിംഗ് സ്കൂളിനുള്ള വൈദ്യുതി ചെലവ്, സ്കോളർഷിപ്പുകൾ, സ്റ്റൈപ്പന്റുകൾ എന്നീ ഇനങ്ങൾക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2210-06-003-94-05-2 എന്ന ശീർഷകത്തിൽ 60,000 രൂപയും 2210-06-003-94-12 എന്ന ശീർഷകത്തിൽ <u>5.5 ലക്ഷം രൂപ ഉൾപ്പെടെ ആകെ 6.1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

2210-06-003-89—<u>പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ —45-പി.ഒ.എൽ.</u>

ബഡ്ജറ്റ് വിഹിതം : 12,000 രൂപ (നോൺ പ്ലാൻ)

10. കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്രെയിനിംഗുമായി ബന്ധപ്പെട്ട വാഹന സൗകര്യത്തിനായും ഈ ഇനത്തിൽ നിലവിലുള്ള ഇന്ധനചാർജ്ജിനത്തിലുള്ള കുടിശ്ശിക തീർക്കുന്നതിനായും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

2210-06-101-97- <u>മന്തുരോഗ നിവാരണം</u> (25% കേന്ദ്രാവിഷ്കൃതം)

2210-06-101-97-05-03— <u>ടെലഫോൺ ചെലവ്</u>

ബഡ്ജറ്റ് വിഹിതം : 15,000 രൂപ (നോൺ പ്ലാൻ)

11. 14 ജില്ലകളിലെയും മന്തുരോഗനിവാരണ യൂണിറ്റുകളിലെ ജീവനക്കാരുടെ ശമ്പളം സ്പാർക് മുഖേന മാറ്റുന്ന സംവിധാനമേർപ്പെടുത്തിയതിനെതുടർന്ന് ഓഫീസിൽ ഇന്റർനെറ്റ് കണക്ഷൻ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നും ആയതിനാൽ <u>1.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.</u>

2210-06-107-99—<u>പൊതുജനാരോഗ്യപരീക്ഷണശാലകൾ</u>

2210-06-107-99-05-2—<u>വൈദ്യുത ചെലവ്</u>

ബഡ്ജറ്റ് വിഹിതം : 6.02 ലക്ഷം രൂപ (നോൺ പ്ലാൻ)

12. തിരുവനന്തപുരം ജില്ലയിലെ പബ്ലിക് ഹെൽത്ത് ലബോറട്ടറി എറണാകുളം, കണ്ണൂർ ജില്ലകളിലെ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി, കൊല്ലം, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന പബ്ലിക് ഹെൽത്ത് ലാബുകൾ എന്നിവിടങ്ങളിൽ മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള റഫ്രിജറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നതിനും ലാബ് ഉപകരണങ്ങൾ സൂക്ഷിക്കുന്ന മുറികളുടെ എ.സി. പ്രവർത്തിപ്പിക്കുന്നതിനുമുള്ള വൈദ്യുതി ചെലവിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-80-800-98—ഏറ്റവും നല്ല ഡോക്ടർക്കുള്ള സംസ്ഥാന അവാർഡ്

ബഡ്ജറ്റ് വിഹിതം : 1.7 ലക്ഷം രൂപ (നോൺ പ്ലാൻ)

13. സംസ്ഥാന അവാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഏറ്റവും നല്ല ഡോക്ടർക്ക് അവാർഡ് നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-80-800-96-36—ആരോഗ്യമന്ത്രിയുടെ ക്ഷേമനിധി —സഹായധനം— ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 5.5 ലക്ഷം രൂപ (നോൺ പ്ലാൻ)

14. ആരോഗ്യമന്ത്രിയുടെ ക്ഷേമനിധിയിൽനിന്നും നിർദ്ധനരായ രോഗികൾക്കു നൽകുന്ന സഹായത്തിനുള്ള ധാരാളം അപേക്ഷകൾ തീർപ്പാക്കാനുള്ള സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി**

2210-80-800-74—എയ്ഡ്സ് ബാധിച്ച് മരണപ്പെട്ടവരുടെ ഭാര്യ/ഭർത്താവിന് പ്രതിമാസ ധനസഹായവും യാത്രാപ്പടിയും

ബഡ്ജറ്റ് വിഹിതം : 200 ലക്ഷം രൂപ (നോൺ പ്ലാൻ)

15. എയ്ഡ്സ് ബാധിതരുടെ യാത്രാബത്ത, ചികിത്സാധനസഹായം, എയ്ഡ്സ് ബാധിതരായി മരിച്ചവരുടെ ഭാര്യ/ഭർത്താവിന് പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 400.7728 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

2210-05-105-98 —അലോപ്പതി മെഡിക്കൽ കോളേജുകൾ

ബഡ്ജറ്റ് വിഹിതം : 81496.08 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-05-105-98-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും —2200 ലക്ഷം രൂപ

2210-05-105- 98-24 —സാധനസാമഗ്രികൾ —70 ലക്ഷം രൂപ

2210-05-105-90-01—ശമ്പളം —3458.22 ലക്ഷം രൂപ

16. മെഡിക്കൽ ഹൗസ് സർജന്മാരുടെയും മെഡിക്കൽ ജൂനിയർ, സീനിയർ റെസിഡന്റുമാരുടെയും വിഭാഗത്തിലെയും മാസ സ്റ്റൈപ്പന്റ് നിരക്കിലുണ്ടായ വർദ്ധനവിനെ തുടർന്നുള്ള അധികബാദ്ധ്യത നേരിടുന്നതിനായി സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ് എന്ന ശീർഷകത്തിൽ 38.88 ലക്ഷം രൂപയും വിവിധ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ദന്തൽ കോളേജ് എന്നിവിടങ്ങളിൽ ജീവൻരക്ഷാ മരുന്നുകൾ, ആഹാരസാധനങ്ങൾ എന്നിവയുടെ ആവശ്യകത നിറവേറ്റുന്നതിലേക്കായി 13.72 ലക്ഷം രൂപയും മഞ്ചേരി മെഡിക്കൽ കോളേജിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആനുപാതികമായുള്ള മിഡിൽ ലെവൽ സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിക്കുന്ന ഇനത്തിൽ 111 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5371 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഭാരതീയ ചികിത്സാ വകുപ്പ്

2210-02-001-99—ഭാരതീയ ചികിത്സാരീതി ഡയറക്ടറുടെ കാര്യാലയം

17. ഭാരതീയ ചികിത്സാരീതി ഡയറക്ടറുടെ കാര്യാലയത്തിലെ വൈദ്യുതി ചാർജ്, ടെലഫോൺ ചാർജ്, മറ്റിനങ്ങൾ, യാത്രാബത്ത, അവധിയാത്രാ ആനുകൂല്യം,

സംരക്ഷണം, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-001-99-05-2—വൈദ്യുതചെലവ്— 1.5 ലക്ഷം രൂപ

2210-02-001-99-05-3—ടെലഫോൺചെലവ്—1.5 ലക്ഷം രൂപ

2210-02-001-99-05-4—മറ്റിനങ്ങൾ —1.7 ലക്ഷം രൂപ

2210-02-001-99-04—യാത്രാബത്ത—5 ലക്ഷം രൂപ

2210-02-001-99-18—സംരക്ഷണം—1 ലക്ഷം രൂപ

2210-02-001-99-21—മോട്ടോർ വാഹനങ്ങൾ—30,000 രൂപ

18. 2210-02-001-98—ജില്ലാ മെഡിക്കൽ ഓഫീസ് എന്ന ശീർഷകത്തിലെ യാത്രാചെലവുകൾ, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വൈദ്യുത ചെലവ് തുടങ്ങിയ ആവശ്യങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-001-98-04-1—യാത്രാബത്ത—3 ലക്ഷം രൂപ

2210-02-001-98-05-2—ഓഫീസ് ചെലവുകൾ—2 ലക്ഷം രൂപ

2210-02-001-98-05-3—ടെലഫോൺ ചാർജ് —1 ലക്ഷം രൂപ

2210-02-001-98-2—സംരക്ഷണവും അറ്റകുറ്റപ്പണികളും—2.25 ലക്ഷം രൂപ

2210-02-001-98-06—വാടക, കരം, നികുതി—1 ലക്ഷം രൂപ

2210-02-001-98-45—പി.ഒ.എൽ. —2 ലക്ഷം രൂപ

2210-02-101-97—മറ്റ് ആശുപത്രികളും ഡിസ്പെൻസറികളും

04-1- യാത്രാചെലവുകൾ—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 5.3 ലക്ഷം രൂപ (നോൺ പ്ലാൻ)

19. 14 ജില്ലകളിലെയും ആയുർവ്വേദ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-101-97-05—ഓഫീസ് ചെലവുകൾ

2-വൈദ്യുതചെലവ്

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (നോൺ പ്ലാൻ)

20. വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ വൈദ്യുതി ചെലവിനായി അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 1.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-101-97-06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 1 .96 ലക്ഷം രൂപ (നോൺ പ്ലാൻ)

21. വിവിധ സ്ഥാപനങ്ങൾക്ക് വാടകയിനത്തിൽ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് 2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. 14 ജില്ലകളിലേയും ആയുർവ്വേദ സ്ഥാപനങ്ങളിലെ രോഗികൾക്കായുള്ള ഭക്ഷണം, കഷായം എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളുടെ നേരെ കാണിച്ചിട്ടുള്ള തുക പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-198-50— വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം

-24— സാധനസാമഗ്രികൾ—5.5 ലക്ഷം രൂപ

2210-02-197-50— ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം

-24— സാധനസാമഗ്രികൾ—1.5 ലക്ഷം രൂപ

2210-02-196-50— ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം

-24— സാധനസാമഗ്രികൾ—1.5 ലക്ഷം രൂപ

2210-02-192-50— മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

-24—സാധനസാമഗ്രികൾ—2 ലക്ഷം രൂപ

2210-02-191-50-<u>കോർപ്പറേഷനുകൾക്കുള്ള ധനസഹായം</u>

-24—<u>സാധനസാമഗ്രികൾ</u>—1.5 ലക്ഷം രൂപ

2210-02-104-99—<u>സിദ്ധവൈദ്യ ആശുപത്രികളും ഡിസ്പെൻസറികളും</u>

23. ജില്ലകളിലെ സിദ്ധവൈദ്യ സ്ഥാപനങ്ങളിലെ രോഗികൾക്കായുള്ള ഭക്ഷണം, കഷായം എന്നിവ പാകം ചെയ്യുന്നതിനുള്ള ഇന്ധനച്ചെലവ്, ഭക്ഷണം എന്നിവയ്ക്ക് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>താഴെപ്പറയുന്ന ശീർഷകങ്ങളുടെ നേരെ കാണിച്ചിട്ടുള്ള തുക പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു</u>.

2210-02-196-50—<u>ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം</u>

-24—<u>സാധനസാമഗ്രികൾ</u>—5,000 രൂപ

2210-02-192-50—<u>മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം</u>

-24—<u>സാധനസാമഗ്രികൾ</u>—15,000 രൂപ

2210-05-101-84-<u>മാനസികരോഗ ഗവേഷണ സ്ഥാപനം</u>

-01—<u>ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 94.39 ലക്ഷം രൂപ (നോൺ പ്ലാൻ)

24. മാനസികരോഗ ഗവേഷണ സ്ഥാപനത്തിലെ 37 ജീവനക്കാരുടെ ശമ്പള ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ <u>താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുകകൾ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു</u>.

2210-05-101-84-01-1—<u>ശമ്പളം</u>—19 ലക്ഷം രൂപ

2210-05-101-84-01-2—<u>ക്ഷാമബത്ത</u>—13.9 ലക്ഷം രൂപ

2210-05-101-84-01-3—<u>വീട്ടുവാടക അലവൻസ്</u>—8,000 രൂപ

2210-05-101-84-01-5—<u>മറ്റ് അലവൻസുകൾ</u>—25,000 രൂപ

2210-04-198-50—<u>വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 3 ലക്ഷം രൂപ (നോൺ പ്ലാൻ)

25. നിലവിലുള്ള വൈദ്യൻമാർക്ക് ഗ്രാന്റ് നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 64,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

2210-05-101-95—ഗവ. ആയുർവ്വേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : 1699.34 ലക്ഷം രൂപ (നോൺ പ്ലാൻ)

26. ആയുർവ്വേദ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് ഇവ നൽകുന്നതിനായി അനുവദിച്ച തുകയും വെള്ളക്കരം ഇനത്തിൽ അനുവദിച്ച തുകയും അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-101-95-05-1- വെള്ളക്കരം —10 ലക്ഷം രൂപ

2210-05-101-95-12- സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും—50 ലക്ഷം രൂപ

2210-02-101-99-കോളേജ് ആശുപത്രികളും പ്രസവ വാർഡുകളും, തിരുവനന്തപുരം

24—സാധനസാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (നോൺ പ്ലാൻ)

27. ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയിലെ മെറ്റേണിറ്റി വാർഡിനാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-101-85-24—പഞ്ചകർമ്മ ആശുപത്രിയുടെ വികസന സാധനസാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 4.5 ലക്ഷം രൂപ (നോൺ പ്ലാൻ)

28. തിരുവനന്തപുരം പഞ്ചകർമ്മ ആശുപത്രിക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കണ്ണൂർ**

2210-05-101-79—ഗവൺമെന്റ് ആയുർവ്വേദ കോളേജ്

2210-05-101-79-21—മോട്ടോർ വാഹനങ്ങൾ

ബഡ്ജറ്റ് വിഹിതം : ഇല്ല

29. ആയുർവ്വേദ കോളേജിലെ വിദ്യാർത്ഥികളുടെ യാത്രാസൗകര്യത്തിനായി പുതിയ ബസ് വാങ്ങേണ്ട ആവശ്യത്തിലേക്കായി മോട്ടോർ വാഹനങ്ങൾ എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ പദ്ധതിയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4210-03-101-93—ഗവ. ആയുർവ്വേദ കോളേജ്, കണ്ണൂർ—സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 300 ലക്ഷം രൂപ (പ്ലാൻ)

30. ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവർത്തികളായ ലാസ്റ്റ് ഗ്രേഡ് ക്വാർട്ടേഴ്സ്, പ്ലേഗ്രൗണ്ട്, മെഡിസിൻ സ്റ്റോർ, മെൻസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ഭരണാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ആർ.എം.ഒ./സൂപ്രണ്ട് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനുമായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. ആയുർവ്വേദ കോളേജിലെ ജീവനക്കാരുടെ യാത്രാബത്ത, വൈദ്യുതി, മറ്റിനങ്ങൾ, വാടക, കരം, നികുതി, മറ്റു ചെലവുകൾ, ഇന്ധനചെലവുകൾ, വിവരസാങ്കേതികവിദ്യ തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-101-79-01—ശമ്പളം—100 ലക്ഷം രൂപ

2210-05-101-79-04-1—യാത്രാബത്ത —2 ലക്ഷം രൂപ

2210-05-101-79-05-2—വൈദ്യുതിചെലവ് —2.25 ലക്ഷം രൂപ

2210-05-101-79-06—വാടക, കരം, നികുതി—86,000 രൂപ

2210-05-101-79-34—മറ്റ് ചെലവുകൾ —2 ലക്ഷം രൂപ

2210-05-101-79-45—പി.ഒ.എൽ.—40,000 രൂപ

2210-05-101-79-99—വിവരസാങ്കേതിക വിദ്യ—11,000 രൂപ

2210-02-101-78-24—ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രി, കണ്ണൂർ
സാധന സാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ (പ്ലാൻ)

32. ആശുപത്രിയിലെ ഐ.പി., ഒ.പി., ജെറിയാട്രിക് വിഭാഗങ്ങളിൽ എത്തുന്ന രോഗികൾക്കാവശ്യമായ ആയുർവ്വേദ മരുന്നുകൾ ഔഷധിയിൽനിന്നും വാങ്ങുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ആയുർവ്വേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ**

2210-05-101-96— ആയുർവ്വേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ

ĭ 33. ജീവനക്കാരുടെ ശമ്പളം, യാത്രാചെലവുകൾ, വെള്ളക്കരം, വൈദ്യുതി ചാർജ്, ടെലഫോൺ ചാർജ്, വാടക, കരം, നികുതി, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റും, സാധന സാമഗ്രികൾ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിട്ടുള്ള തുക പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-101-96-01—ശമ്പളം —56.22 ലക്ഷം രൂപ

2210-05-101-96-04—യാത്രാചെലവുകൾ — 2 ലക്ഷം രൂപ

2210-05-101-96-05—ഓഫീസ് ചെലവുകൾ— 5 ലക്ഷം രൂപ

2210-05-101-96-06 —വാടക കരം, നികുതി—35,000 രൂപ

2210-05-101-96-12— സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റും—79.2 ലക്ഷം രൂപ

2210-05-101-96-24—സാധന സാമഗ്രികൾ —25 ലക്ഷം രൂപ

2210-05-101-96-34—മറ്റ് ചെലവുകൾ—5 ലക്ഷം രൂപ

**ഗവൺമെന്റ് ആയുർവ്വേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ**

പ്രൊഫഷണൽ , സ്പെഷ്യൽ സർവ്വീസുകൾക്കുള്ള ചെലവുകൾ

34. തൃപ്പൂണിത്തുറ ആയുർവ്വേദ കോളേജിലെ ഗസ്റ്റ് ലക്ചറർമാർക്ക് വേതനം നൽകുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ആവശ്യത്തിലേക്കായി 2210-05-101-96-28-എന്ന ശീർഷകം അനുവദിച്ച് പദ്ധതിയേതരയിനത്തിൽ 4.74 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-101-98 — കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ

ബഡ്ജറ്റ് വിഹിതം : 663.56 ലക്ഷം രൂപ (നോൺ പ്ലാൻ)

35. ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രി തൃപ്പൂണിത്തുറയിലെ ജീവനക്കാരുടെ ശമ്പളം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, സംരക്ഷണം, സാധന സാമഗ്രികൾ, മറ്റ് ചെലവുകൾ, ഇന്ധന ചെലവ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 357.84 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

2210-05-001-98-05-3 —ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം—ഓഫീസ് ചെലവുകൾ—ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 20,000 രൂപ (നോൺ പ്ലാൻ)

36. ടെലഫോൺ ചെലവിനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 60,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-05-001-96-34—ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം— മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

37. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കമ്പ്യൂട്ടർ വൽക്കരണത്തിനും മോഡണൈസേഷനുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ജീവനക്കാർക്കുള്ള ശമ്പളം

38. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനമേഖല വിപുലപ്പെട്ടതിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കപ്പെടാത്തത് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രയാസമുണ്ടാക്കുന്നതിനാൽ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും ഇപ്രകാരം നിയമനം നൽകുന്നവർക്ക് ശമ്പളം നൽകുന്നതിനായി 2210-05-00-96-01-എന്ന ശീർഷകം അനുവദിച്ച് പദ്ധതിയിനത്തിൽ 45 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

2210-05-102-88—സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജുകളിലെ ജീവനക്കാർക്ക് നേരിട്ട് ശമ്പളം നൽകുന്നതിന്

ബഡ്ജറ്റ് വിഹിതം : 1772.66 ലക്ഷം രൂപ (നോൺ പ്ലാൻ)

39. ശ്രീ വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ജീവനക്കാർക്ക് ശമ്പളപരിഷ്കരണം മുഖേനയുള്ള കുടിശ്ശിക നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-102-97-02—ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് —വേതനം

ബഡ്ജറ്റ് വിഹിതം : 5.08 ലക്ഷം രൂപ (നോൺ പ്ലാൻ)

40. ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോടിലെ നാല് പാർട്ടൈം ജീവനക്കാർക്ക് വേതനം നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-02-102-97-34-3—ഹോമിയോപ്പതി മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് —മറ്റു ചെലവുകൾ —മറ്റിനം

ബഡ്ജറ്റ് വിഹിതം : 40 ലക്ഷം രൂപ (പ്ലാൻ)

41. കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജിൽ വയോജന പരിപാലന യൂണിറ്റ് വന്ധ്യതാ നിവാരണ യൂണിറ്റ്, ജീവിതശൈലി രോഗ നിയന്ത്രണ യൂണിറ്റ് എന്നിവയുടെ പ്രവർത്തനത്തിനും ഓഫീസിലെ കമ്പ്യൂട്ടർവൽക്കരണത്തിനും സോളാർ പാനൽ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

2210-06-104-98—മരുന്നു പരിശോധനശാല

ബഡ്ജറ്റ് വിഹിതം : 675.91 ലക്ഷം രൂപ (നോൺ പ്ലാൻ)

42. എറണാകുളം റീജിയണൽ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ പുതിയതായി സൃഷ്ടിച്ച തസ്തികകളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും മറ്റ് ഓഫീസ് ചെലവുകൾക്കും ലബോറട്ടറിയിലെ കണ്ടംചെയ്ത വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമായി പദ്ധതിയേതര ഇനത്തിൽ 160 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

2210-80-190-99-36—കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനുള്ള ധനസഹായം 36 —സഹായധനം—ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 24200 ലക്ഷം രൂപ (നോൺ പ്ലാൻ)

43. ആശുപത്രികൾ ആവശ്യപ്പെടുന്ന അളവിൽ യഥാസമയം ജീവൻ രക്ഷാമരുന്നുകൾ വിതരണം ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 31100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM)**

2210-03-102-98—ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 10000 ലക്ഷം രൂപ (പ്ലാൻ)

44. എൻ.ആർ.എച്ച്.എം. പദ്ധതി 2014-15 സാമ്പത്തികവർഷം സംസ്ഥാനം വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി 900 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിക്കുമ്പോൾ സംസ്ഥാനവിഹിതമായി 225 കോടി രൂപ അനുവദിക്കേണ്ടതായിരുന്നു. ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**റീജിയണൽ കാൻസർ സെന്റർ**

2210-05-800-89—പ്രാദേശിക അർബുദ ചികിത്സാകേന്ദ്രം

2210-05-800-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 4040 ലക്ഷം രൂപ (പ്ലാൻ)

2210-05-800-89-31—സഹായധനം—ശമ്പളം

2210-05-800-89-36—സഹായധനം—ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 3065 ലക്ഷം രൂപ (നോൺ പ്ലാൻ)

45. റീജിയണൽ കാൻസർ സെന്ററിലെ പുതിയ കെട്ടിടത്തിന്റെ നിലവിലുള്ള കരാർ പ്രകാരമുള്ള വിലവർദ്ധനയനുസരിച്ചുള്ള ടെന്റർ എക്സസും ഫയർപ്രൊട്ടക്ഷൻ പബ്ലിക് അഡ്രസ് സിസ്റ്റം, സി.സി.റ്റി.വി., മെഡിക്കൽ ഗ്യാസ് എന്നിവയുടെ ചെലവിനത്തിൽ 6 കോടിയോളം രൂപ ആവശ്യമുണ്ട്. കൂടാതെ ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്ക് സർക്കാർ ഗ്രാന്റായി 12 കോടി രൂപയുടെ ആവശ്യമുണ്ട്. ആയതിനാൽ പദ്ധതിയിനത്തിൽ 2210-05-800-89-35-എന്ന ശീർഷകത്തിൽ 600 ലക്ഷം രൂപയും പദ്ധതിയേതര യിനത്തിൽ 2210-05-800-89-31-എന്ന ശീർഷകത്തിൽ 1200 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കൊഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്)

2210-05-105-36—ജ്ഞാനഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം : 172.5 ലക്ഷം രൂപ (നോൺ പ്ലാൻ)

450 ലക്ഷം രൂപ (പ്ലാൻ)

46. ജ്ഞാനഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈറ്റിയിലെ ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 200 ലക്ഷം രൂപയും മസ്തിഷ്ക നാഡീവ്യൂഹ സംബന്ധമായ ജനിതക വൈകല്യങ്ങൾ ഉള്ള കൗമാരപ്രായക്കാരുടെ പുനരധിവാസത്തിനും മറ്റും ഉതകുന്ന റസിഡൻഷ്യൽ ഹോം പദ്ധതി, ഷൊർണ്ണൂരിലെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം, ആശുപത്രിയുടെ വികസനത്തിന്റെ ഭാഗമായി നടത്തുന്ന പദ്ധതികളിന്മേലുള്ള പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾക്കും, വൈകല്യങ്ങളുള്ള ആളുകളുടെ ചികിത്സയ്ക്കുമായി പദ്ധതി ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 400 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്

2210-01-200-93-36—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് സഹായധനം—ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 300 ലക്ഷം രൂപ (പ്ലാൻ)

10 ലക്ഷം രൂപ (നോൺ പ്ലാൻ)

47. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിനുവേണ്ടി പുലയനാർകോട്ടയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായി വിദഗ്ദ്ധരായ മെഡിക്കൽ/പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനം ലഭ്യമാക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് ആന്റ് ജീറിയാട്രിക് കെയർ എന്ന

സ്ഥാപനം സജ്ജമാക്കുന്നതിനും ഗ്രാന്റ്-ഇൻ-എയ്ഡായി അപേക്ഷിച്ചിരുന്ന തുകയിൽ പദ്ധതിയേതരയിനത്തിൽ അനുവദിക്കാൻ ബാക്കിയുള്ള 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള ഹെൽത്ത്റിസർച്ച്ആന്റ് വെൽഫെയർ സൊസൈറ്റി**

2210-05-800-65—(ഗ്രാൻറ്-ഇൻ-എയ്ഡ്) കേരള ഹെൽത്ത് റിസർച്ച് ആൻറ് വെൽ ഫെയർ സൊസൈറ്റി

ബഡ്ജറ്റ് വിഹിതം : ഇല്ല

48. മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ KHRWS-ന്റെ കീഴിലുള്ള 20 പേവാർഡുകളുടെ നവീകരണം, ഐ.പി.പി. ഓഫ് സെറ്റ് പ്രസ്സിന്റെ നവീകരണം, ആലപ്പുഴ മെഡിക്കൽ കോളേജിലെ പുതിയ പേവാർഡുകളുടെ നിർമ്മാണം, ലാബുകളുടെയും വിവിധ യൂണിറ്റുകളുടെയും നിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ**

2210-01-800-89—കേരള സ്റ്റേറ്റ് ഫാർമസി കൗൺസിലിന് ധനസഹായം

ബഡ്ജറ്റ് വിഹിതം : 23,000 രൂപ (നോൺ പ്ലാൻ)

49. ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ തീരുമാനപ്രകാരം രജിസ്റ്റേഡ് ഫാർമസിസ്റ്റുകൾക്ക് അവരുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനായി തുടർവിദ്യാഭ്യാസ പരിപാടി നടത്തുന്നതിനും മരുന്നുപയോഗത്തെക്കുറിച്ചും മരുന്നുകളെക്കുറിച്ചും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിന് ഡ്രഗ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനും പൊതുജനത്തെ ബോധവൽക്കരിക്കുന്ന രീതിയിൽ ദേശീയ ഫാർമസി വാരാഘോഷ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുമായി 37 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ചൈൽഡ് ഡെവലപ്മെന്റ് സെന്റർ**

2210-05-105-50— ശിശു വികസന സെന്റർ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ (പ്ലാൻ )

90.04 ലക്ഷം രൂപ (നോൺ പ്ലാൻ)

50. ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും പുതിയ ആഡിറ്റോറിയം മെച്ചപ്പെടുത്തുന്നതിനും ക്ലിനിക് സൗകര്യം മെച്ചപ്പെടുത്തുന്നതിനും ട്രെയിനിംഗിനും പുതിയ സ്കീമുകളുടെ നടത്തിപ്പിന്റെ ആവശ്യങ്ങൾക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും സി.ഡി.സി.-യുടെ ദൈനംദിന ചെലവുകൾക്കും സ്റ്റാഫുകൾക്കുള്ള ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനും പുതിയ ഓഫീസ് കെട്ടിടത്തിലേക്ക് വൈദ്യുതി, വെള്ളം, സെക്യൂരിറ്റി സർവ്വീസുകൾ, ക്ലീനിംഗ്, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ തുടങ്ങിയവയ്ക്കും തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾക്കുമായി പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സംസ്ഥാന ഔഷധസസ്യബോർഡ്**

2210-05-101-60—സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ്

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

51. ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ അഭാവം ഉള്ള പ്രദേശങ്ങളിൽ അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും കർഷകർക്ക് ലാഭകരമാകുന്ന രീതിയിൽ ഇടവിളയായും മറ്റും ഔഷധസസ്യകൃഷി ചെയ്യുന്നതിനുള്ള പ്രചോദനം നൽകുന്നതിനും വിവിധതരം ജനപ്രിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ആരോഗ്യ സർവ്വകലാശാല**

2210-05-001-88-31—<u>മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ—സഹായധനം—ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 1100 ലക്ഷം രൂപ (പ്ലാൻ)

52. സർവ്വകലാശാലയുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രാരംഭ ചെലവുകൾക്കും സർവ്വകലാശാല ആസ്ഥാനമന്ദിരത്തിന്റെ പണി പൂർത്തിയാക്കുന്നതിനും ലൈബ്രറി ആന്റ് കമ്മ്യൂണിക്കേഷൻ സെന്റർ ആരംഭിക്കുന്നതിനും ആരോഗ്യ രംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾ നേരിടുന്നതിന് ആവശ്യമായ പദ്ധതി രൂപീകരണത്തിന് സ്കൂൾ ഓഫ് എപ്പിഡമോളജി ആന്റ് പബ്ലിക് ഹെൽത്ത് സ്ഥാപിക്കുന്നതിനുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാ<u>ൽ 500 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു</u>.

**മലബാർ കാൻസർ സെന്റർ**

2210-05-800-79—<u>മലബാർ കാൻസർ സൊസൈറ്റിക്ക് സഹായം</u>

2210-05-800-79- 31
2210-05-800-79- 35
2210-05-800-79- 36
2210-05-800-62
2210-05-800-63
} മലബാർ കാൻസർ സെന്ററിനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 230 ലക്ഷം രൂപ (പ്ലാൻ)

797.1 ലക്ഷം രൂപ (നോൺ പ്ലാൻ)।

53. മലബാർ കാൻസർ സെന്ററിലെ ഇൻപേഷ്യന്റ് ബ്ലോക്കിന്റേയും നഴ്സിംഗ് കോളേജ് ബ്ലോക്കിന്റേയും ലബോറട്ടറി ബ്ലോക്കിന്റേയും രണ്ടാംഘട്ട നിർമ്മാണത്തിനും ന്യൂക്ലിയർ മെഡിസിൻ മൂന്നാംഘട്ട നിർമ്മാണത്തിനും ജീറിയാട്രിക് ഓങ്കോളജി സേവനത്തിനും ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിനും ആവശ്യമായിട്ടുള്ള ഉപകരണങ്ങളും

എച്ച്.ടി. 1000 കെ.പി.എ. ഡീസൽ ജനറേറ്റർ, പുതിയ ടെലികമ്മ്യൂണിക്കേഷൻ സിസ്റ്റം എന്നിവയും വാങ്ങുന്നതിനും മറ്റ് പദ്ധതിയേതര ചെലവുകൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ പദ്ധതിയിനത്തിൽ 645 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 519.35 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഫുഡ് സേഫ്റ്റി വകുപ്പ്

### ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

2210-06-102-99—ആഹാരസാധനങ്ങളിൽ മായം ചേർക്കുന്നത് തടയൽ

ബഡ്ജറ്റ് വിഹിതം : 275 ലക്ഷം രൂപ (പ്ലാൻ)

1469.39 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-06-107-98—അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : 363 ലക്ഷം രൂപ (പ്ലാൻ)

746.87 ലക്ഷം രൂപ (നോൺ പ്ലാൻ)

54. ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്കായി താഴെപ്പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾക്ക് 675 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

55. ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് നിലവിൽ രണ്ട് മുറികൾ മാത്രമുള്ള ഒരു പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് തികച്ചും അപര്യാപ്തമാണ്. സർക്കാർ കമ്മീഷണറേറ്റിൽ പുതിയതായി അനുവദിച്ച തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് ആഫീസ് അനുവദിക്കുന്നതിന് ഈ പഴയ കെട്ടിടത്തിൽ സ്ഥലമില്ല. ആയതിനാൽ സർക്കാർ കമ്മീഷണറേറ്റിനായി അനുവദിച്ച 70 സെൻറ് സ്ഥലത്തിൽ കെട്ടിടം പണിയുന്നതിന് 4210-04-200-93-01 എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

56. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഫുഡ് ഇൻസ്പെക്ടർമാരുടെ ഭരണപരമായ നിയന്ത്രണം ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകിയിട്ടുണ്ടെങ്കിലും ഇവർക്കാവശ്യമായ ഓഫീസുകളും സ്റ്റാഫുകളും നൽകേണ്ടതായിട്ടുണ്ട്. ആയതിനാൽ പുതിയ കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനായി 2210-06-102-99-06 എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

57. ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ NABL (National Accreditation Board of Testing and Calibration Laboratories) നിലവാരത്തിലേക്ക് ഉയർത്തേണ്ടതായിട്ടുണ്ട്. നിലവിൽ റീജിയണൽ തലത്തിലുള്ള 3 ലബോറട്ടറികൾ NABL നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്കുവേണ്ടി 2210-06-107-98 എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

58. ഓഫീസർമാർക്കും ജീവനക്കാർക്കും പരിശീലനവും അതുപോലെ പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ബോധവൽക്കരണവും നൽകുന്നതിലേക്കായി 2210-06-102-99 എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

59. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ തലങ്ങളിൽ പുതിയതായി സൃഷ്ടിച്ചിട്ടുള്ള 89 ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് ആവശ്യമായ ആഫീസും മറ്റ് സൗകര്യങ്ങളും നൽകുന്നതിന് 2210-06-102-99-06 എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 200.5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**റേഡിയേഷൻ സേഫ്റ്റി വകുപ്പ്**

2210-05-105-37—റേഡിയേഷൻ സേഫ്റ്റി ഡയറക്ടറുടെ കാര്യാലയം

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (പ്ലാൻ)

31.30 ലക്ഷം രൂപ (നോൺ പ്ലാൻ)

60. റേഡിയേഷൻ സേഫ്റ്റി വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാലും ഗവൺമെന്റ് മെഡിക്കൽ കോളേജുകൾക്കായി ക്വാളിറ്റി അഷ്വറൻസ് ഉപകരണങ്ങൾ

വാങ്ങുന്നതിനും സ്ഥാപനങ്ങളിലെ ഉപകരണ പരിശോധനയുമായി ബന്ധപ്പെട്ട ഇന്ധന ചെലവിനും മറ്റ് ആവശ്യങ്ങൾക്കുമായി പദ്ധതിയിനത്തിൽ 45 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 78.93 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

61. സംസ്ഥാനത്ത് റേഡിയേഷൻ സുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയതും വിപുലമായ അധികാരങ്ങളോടുകൂടിയതുമായ ഒരു സ്വതന്ത്ര റെഗുലേറ്ററി ബോഡിയാണ് റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ്. മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിന്റെ കീഴിലുള്ള ഒരു യൂണിറ്റായി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിലെ ജീവനക്കാരെല്ലാവരും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരായവരാണ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കുന്നതിന് ഇതിനെ ഒരു സ്വതന്ത്ര വകുപ്പാക്കേണ്ടതും സ്ഥിരം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ആയതിനാൽ റവന്യൂ വരുമാനം സൃഷ്ടിക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ റേഡിയേഷൻ സേഫ്റ്റി വകുപ്പിനെ ഒരു പ്രത്യേക വകുപ്പാക്കി മാറ്റി പ്രത്യേക ബഡ്ജറ്റ് ഹെഡ്ഡും എക്സ്പെൻഡിച്ചർ ഹെഡ്ഡും അനുവദിക്കണമെന്നും ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIX—കുടുംബക്ഷേമം

2211-00-101-96—ഗ്രാമീണ കുടുംബക്ഷേമ കേന്ദ്രങ്ങളും പോസ്റ്റ്പാർട്ടം കേന്ദ്രങ്ങളും (ബ്ലോക്ക് പി.എച്ച്.സി.-കൾ)

2211-00-101-96-01-4—മെഡിക്കൽ റീഇംപേഴ്സ്മെന്റ്സ്
ബഡ്ജറ്റ് വിഹിതം : 8.47 ലക്ഷം രൂപ (നോൺ പ്ലാൻ)

62. ഗ്രാമീണ കുടുംബ ക്ഷേമകേന്ദ്രങ്ങളിലെയും പോസ്റ്റ്പാർട്ടം കേന്ദ്രങ്ങളിലെയും (ബ്ലോക്ക് പി.എച്ച്.സി.) ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക കുടിശ്ശിക നൽകുന്നതിന് വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

2215-02-105-99—ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : 1078.17 ലക്ഷം രൂപ (നോൺ പ്ലാൻ)

63. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ 286 ഹെൽത്ത് ഇൻസ്പെക്ടർമാരെ സാധാരണ ജോലിക്ക് പുറമെ ശബരിമല ഉൾപ്പെടെയുള്ള പ്രധാന ആരാധനാലയങ്ങളിലെ ഉത്സവങ്ങളുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന മെഡിക്കൽ ടീമുകൾക്കൊപ്പം സാനിട്ടേഷൻ സർവ്വീസിന്റെ ഭാഗമായി നിയമിക്കാറുണ്ട്. ആയതിനാൽ ഇവരുടെ യാത്രാബത്ത, മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങളിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2215-02-105-99-04-1-എന്ന ശീർഷകത്തിൽ 50,000 രൂപയും 2215-02-105-99-01-4-എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

പൊതുജനാരോഗ്യം പ്രയുക്ത പോഷകാഹാര പരിപാടി

2236-02-101-99—പ്രത്യേക പോഷകാഹാര പരിപാടികൾ

ബഡ്ജറ്റ് വിഹിതം : 69.14 ലക്ഷം രൂപ (നോൺ പ്ലാൻ)

64. പ്രത്യേക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വൈദ്യുതി, ടെലഫോൺ ചെലവിനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2236-02-101-99-05-2 എന്ന ശീർഷകത്തിൽ 50,000 രൂപയും 2236-02-101-99-05-3- എന്ന ശീർഷകത്തിൽ 20,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

വി. എസ്. ശിവകുമാർ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XII.*

തിരുവനന്തപുരം,
2014 മാർച്ച് 10.